**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 442** **08-10-2024 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-മൂപ്പൻ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് തത്ത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ നിയോജക മണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - മൂപ്പൻ റോഡിന് കിഫ്ബിയുടെ 09/11/2018ലെ ഉത്തരവ് പ്രകാരം 20.27 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന്, 22/10/2022ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) ടി പദ്ധതിയ്ക്ക് 25.445 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. സാങ്കേതികാനുമതി തുക ധനാനുമതി തുകയേക്കാൾ അധികരിച്ച സാഹചര്യത്തിൽ KRFB സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയ്ക്ക് 25.445 കോടി രൂപയുടെ പുതുക്കിയ ധനാനുമതി കിഫ്ബി നൽകിയിരുന്നു. KRFB യുടെ 13/03/2023ന് നടന്ന 41-ാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റി ടെണ്ടർ അംഗീകരിച്ച് ലെറ്റർ ഓഫ് അക്സെപ്റ്റൻസ് (LoA) നൽകിയിരുന്നെങ്കിലും, ആവശ്യമായ രേഖകളും സെക്യൂരിറ്റി തുകകളും കരാറുകാരൻ സമർപ്പിക്കാതിരുന്ന സാഹചര്യത്തിൽ പദ്ധതി റീ-ടെണ്ടർ ചെയ്യുകയും, 05/08/2024-ന് നടന്ന KRFB യുടെ 52-ാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർവ്വഹിക്കുന്നതിനായി 03/10/2024-ന് കരാറുകാരനുമായി KRFB എഗ്രിമെന്റ് ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കിഫ്ബിയുടെ എന്തെങ്കിലും അനുമതി നല്കാൻ ബാക്കിയുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | ട്രാഫിക് റീവാലിഡേഷൻ നടത്തിയതിനു ശേഷം മാത്രമേ GSB, WMM, DBM, BC പ്രവൃത്തികൾ ആരംഭിക്കാൻ പാടുള്ളൂ എന്നും, CBR ടെസ്റ്റും ട്രാഫിക് റീവാലിഡേഷനും ചെയ്തതിനു ശേഷം കിഫ്ബിയുടെ അനുമതിയോടുകൂടി മാത്രമേ റോഡിന്റെ Geo Synthetic Layer പ്രവൃത്തി നിർവ്വഹിക്കാൻ പാടുള്ളൂ |

| | | | |
|---|---|---|---|
| | | | എന്നും പുതുക്കിയ ധനാനുമതി ഉത്തരവിൽ കിഫ്ബി നിർവ്വഹണ ഏജൻസിയായ KRFBയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് തൃശ്ശൂർ ഗവ: എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ലഭിച്ച CBR ടെസ്റ്റ് ഫലങ്ങൾ KRFB മലപ്പുറം/പാലക്കാട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ട്രാഫിക് സർവ്വേയ്ക്കായി നിർവ്വഹണ ഏജൻസി കിഫ്ബിയുടെ Technical Resource Center (TRC) യുടെ സേവനം ആവശ്യപ്പെട്ടിരുന്നു. കിഫ്ബി TRC നടത്തിയ ട്രാഫിക് സർവ്വേയുടെ അടിസ്ഥാനത്തിൽ ഡിസൈനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് 04/07/2024-ലെ PWD006-30-MISC-01 നമ്പർ കത്ത് പ്രകാരം KRFBക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവയിൽ എന്തെങ്കിലും ഭേദഗതി കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | ട്രാഫിക് റീവാലിഡേഷൻ നടത്തിയതിനു ശേഷം മാത്രമേ GSB, WMM, DBM, BC പ്രവൃത്തികൾ ആരംഭിക്കാൻ പാടുള്ളൂ എന്നും, CBR ടെസ്റ്റും ട്രാഫിക് റീവാലിഡേഷനും ചെയ്തതിനു ശേഷം കിഫ്ബിയുടെ അനുമതിയോടുകൂടി മാത്രമേ റോഡിന്റെ Geo Synthetic Layer പ്രവൃത്തി നിർവ്വഹിക്കാൻ പാടുള്ളൂ എന്നും പുതുക്കിയ ധനാനുമതി ഉത്തരവിൽ കിഫ്ബി നിർവ്വഹണ ഏജൻസിയായ KRFBയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് തൃശ്ശൂർ ഗവ: എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ലഭിച്ച CBR ടെസ്റ്റ് ഫലങ്ങൾ KRFB മലപ്പുറം/പാലക്കാട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ട്രാഫിക് സർവ്വേയ്ക്കായി നിർവ്വഹണ ഏജൻസി കിഫ്ബിയുടെ Technical Resource Center (TRC) യുടെ സേവനം ആവശ്യപ്പെട്ടിരുന്നു. കിഫ്ബി TRC നടത്തിയ ട്രാഫിക് സർവ്വേയുടെ അടിസ്ഥാനത്തിൽ ഡിസൈനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് 04/07/2024-ലെ PWD006-30-MISC-01 നമ്പർ കത്ത് പ്രകാരം KRFBക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ